കേരള സർക്കാർ

<u>സംഗ്രഹം</u>

സഹകരണ വകുപ്പ് - വികലാംഗരായ കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് വിദ്യാഭ്യാസ ബത്ത വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (സി) വകുപ്പ്

**സ.ഉ(എം.എസ്)നം.07/2012/സഹ. തിരുവനന്തപുരം, തീയതി, 12.01.2012.**

---

പരാമർശം:-
1. 18.12.2009 ലെ സ.ഉ.(എം.എസ്) 215/2009/സഹ. നമ്പർ സർക്കാർ ഉത്തരവ്.
2. ജി.ഒ.(പി) നം. 85/2011/ധന. തീയതി 26.02.2011.
3. 25.02.2011 ലെ സ.ഉ.(പി)36/2011/സഹ നമ്പർ സർക്കാർ ഉത്തരവ്.
4. സഹകരണ സംഘം രജിസ്ട്രാരുടെ 07.09.2011 ലെ ഇ.എം(3)28204/2011 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം വികലാംഗരായ കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രതിമാസം 150/- രൂപ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം രണ്ട് പ്രകാരം വികലാംഗരായ കുട്ടികളുള്ള സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരുന്ന വിദ്യാഭ്യാസബത്ത 150/- രൂപയിൽ നിന്നും 450/- രൂപയായി ഉയർത്തിയിരുന്നു. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ (പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളും ഒഴികെ) ജീവനക്കാരുടെ ശമ്പള സ്കെയിലുകളും അലവൻസുകളും 01.04.2009 മുതൽ പരിഷ്കരിച്ചുകൊണ്ട് പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്തുത വിദ്യാഭ്യാസബത്ത ഉൾപ്പെടുത്തുകയുണ്ടായില്ല. ഈ അപാകത പരാമർശം നാലിലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സഹകരണ ചട്ടം 199 ൽ കേരള സർവ്വീസ് റൂൾസ് പ്രകാരം ബാധകമായ അലവൻസുകൾ സഹകരണ സംഘം ജീവനക്കാർക്കും ബാധകമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യം/മാനസികവൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് പരാമർശം ഒന്ന് പ്രകാരം അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസബത്ത പ്രതിമാസം 150/- രൂപയിൽ നിന്നും 450/- രൂപയായി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള സ്പെഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹയർസെക്കന്ററിതലം വരെ വിദ്യാഭ്യാസം ചെയ്യുന്ന

അംഗവൈകല്യം/മാനസികവൈകല്യം സംഭവിച്ച കുട്ടികളുടെ മാതാപിതാക്കളായ സഹകരണ സംഘം ജീവനക്കാർക്കാണ് ബത്തക്ക് അർഹതയുള്ളത്.

2. ആനുവൽ വെക്കേഷൻ മാസത്തിലും ബത്തക്ക് അർഹതയുണ്ടായിരിക്കും.
3. കൺട്രോളിംഗ്/ലീവ് സാംഗ്ഷനിംഗ് ഓഫീസറുടെ അനുമതി ലഭിച്ചിരിക്കണം.
4. രക്ഷിതാക്കളിൽ ആർക്കെങ്കിലും ഒരാൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. തന്റെ കുട്ടിക്ക് ശാരീരിക/മാനസിക വൈകല്യമുണ്ടെന്ന് രക്ഷിതാവ് സാക്ഷ്യപ്പെടുത്തണം.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**കെ. ഉഷാദേവി**
**അഡീഷണൽ സെക്രട്ടറി**

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. പൊതു ഭരണ(മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ)വകുപ്പ്.
   (vide letter No. 460/VC/CMPGRC1/SK/2012/GAD. dated 05.01.2012)
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ. EM (3) 3445/12.

സഹകരണവീഥി, സഹകരണ സംഘം രജിസ്ട്രാറുടെ വെബ് സൈറ്റ് എന്നിവയിൽ പ്രസിദ്ധീകരണത്തിന് നൽകുന്നു. എല്ലാ ജോയിന്റ് രജിസ്ട്രാർ മാരുടേയും ജോയിന്റ് ഡയറക്ടർ മാരുടേയും അറിവിലേക്കായി നൽകുന്നു.

JR (SC/ST)